ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 10.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ പ്രചാരണം ഉച്ചസ്ഥായിയിൽ; മഹാരാഷ്ട്രയിൽ ബിജെപിയുടേയും മഹാവികാസ് സഖ്യത്തിൻറേയും പ്രകടനപത്രികകൾ ഇന്ന് പുറത്തിറക്കും.
   **Campaigning for Maharashtra and Jharkhand assembly elections in full swing; Manifesto of BJP and Maha Vikas alliance will be released today in Maharashtra.**
2. കേരളത്തിൽ വയനാട്, ചേലക്കര മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം നാളെ സമാപിക്കും.
   **The campaign for the by-elections in Wayanad and Chelakkara constituencies in Kerala will end tomorrow.**
3. QS WORLD സർവകലാശാല - ഏഷ്യ റാങ്കിങ്ങിൽ ആദ്യ നൂറിൽ ഇടം നേടി ഏഴ് ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
   **Seven Indian institutions have secured a place in the Top 100 of the QS World University Rankings: Asia 2025.**
4. അതിവേഗ വീസ പദ്ധതിയായ SDS നിർത്തലാക്കി കാനഡ; ഇന്ത്യൻ വിദ്യാർഥികൾക്ക് തിരിച്ചടി.
   **In a significant development having far-reaching implications for Indian students, Canada has announced the discontinuation of its Student Direct Stream (SDS) visa programme.**
5. ഇന്ന് ലോക - രോഗപ്രതിരോധ ദിനം; വാക്സിനുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക ലക്ഷ്യം.

World Immunization Day will be observed across the globe today with the aim to raise awareness about the vital role vaccines play in preventing infectious diseases and protecting public health.

6. **ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

In Cricket, India will take on South Africa in the second match of the 4 match T20 series at St George's Park Cricket Ground in Gqeberha, South Africa, this evening

====================================

## HEADLINE -1

## MAHA–ELECTION

ഈ മാസം 20-ന് നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ വിവിധ പാർട്ടികൾ പ്രചാരണം സജീവമാക്കി. BJP-യുടെ പ്രകടനപത്രിക ഇന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുംബൈയിൽ പ്രകാശനം ചെയ്യും. വടക്കൻ മഹാരാഷ്ട്രയിൽ മൂന്ന് റാലികളിലും അദ്ദേഹം പങ്കെടുക്കും. അതേ സമയം, മഹാ വികാസ് അഘാഡിയുടെ പ്രകടനപത്രിക കോൺഗ്രസ് അധ്യക്ഷൻ മാലികാർജ്ജുൻ ഖാർഗെ ഇന്ന് മുംബൈയിൽ പുറത്തിറക്കും. എൻസിപി, ശിവസേന എന്നീ പാർട്ടികളും പ്രചാരണം ഊർജിതമാക്കി.

====================================

## HEADLINE -1

## JHARKHAND – CAMPAIGNING

ഝാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രചാരണം അവസാന ഘട്ടത്തിൽ. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബൊക്കാറോയിലും ഗർവായിലും രണ്ട് റാലികളെ അഭിസംബോധന ചെയ്യും. ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ ഭവനാഥ്പൂർ, താമർ, ഖിജ്രി എന്നിവിടങ്ങളിലും ആർജെഡി നേതാവ് തേജസ്വി

യാദവ് ഛത്രയിലും പൊതു യോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്നലെ വിവിധ യോഗങ്ങളിൽ പങ്കെടുത്തിരുന്നു . 81 അംഗ ഝാർഖണ്ഡ് നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്

===================================

## HEADLINE -2

## BY ELECTION KERALA (INTRO)

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം നാളെ സമാപിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് ഇവിടെ വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും. വയനാട് ലോക്സഭാ മണ്ഡലത്തിൽ അവസാന മണിക്കൂറുകളിൽ മുന്നണികൾ പ്രചാരണം അതിശക്തമാക്കിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺവിൻസെൻറ്.**

**(വോയ്സ്)**

ചേലക്കരയിൽ എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപിനായി മുഖ്യമന്ത്രി പിണറായി വിജയൻ അവസാനഘട്ട പ്രചരണത്തിനെത്തി. യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിൻറെ മണ്ഡല പര്യടനം അവസാനഘട്ടത്തിലാണ്. NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണൻ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രചാരണത്തിലാണ്. പാലക്കാട് മണ്ഡലത്തിലും മൂന്ന് മുന്നണികളും ഊർജ്ജിത പ്രചാരണത്തിലാണ്.

==================================

## HEADLINE -3

## QS WORLD UNIVERSITY RANKINGS

QS World University റാങ്കിങ് ഏഷ്യ 2025-ൽ ആദ്യ നൂറിൽ ഇടം നേടി ഏഴ് ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ആദ്യ 50-ൽ രണ്ട് സർവകലാശാലകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഐ.ഐ.ടി ഡൽഹി 44-ാം സ്ഥാനത്തും ഐ.ഐ.ടി ബോംബൈ 48-ാം സ്ഥാനത്തുമാണ്. ഐ.ഐ.ടി മദ്രാസ്, ഐ.ഐ.ടി ഖരക് പൂർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഐ.ഐ.ടി കാൺപൂർ, ഡൽഹി സർവകലാശാല, എന്നിവയാണ് ആദ്യ 100-ൽ ഇടം നേടിയ മറ്റ് സ്ഥാപനങ്ങളെന്ന് വിദ്യാഭ്യാസ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഐഐടി ഗുവാഹട്ടി, ഐഐടി റൂർക്കി, ജവഹർലാൽ നെഹ്റു സർവകലാശാല, ചണ്ഡീഗഡ് സർവകലാശാല, യു.പി.ഇ.എസ്, വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവ ആദ്യ 150-ൽ ഇടം നേടി.

==================================

## GOVT– PADDY PROCUREMENT

2024-25 ഖാരിഫ് മാർക്കറ്റിംഗ് സീസണിൽ വെള്ളിയാഴ്ച വരെ കേന്ദ്ര സർക്കാർ 120 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും പഞ്ചാബിലെ 6.58 ലക്ഷം കർഷകർക്ക് 27,995 കോടി രൂപയുടെ മിനിമം താങ്ങുവില നൽകുകയും ചെയ്തു. ഗ്രേഡ് 'എ' നെല്ലിന് സർക്കാർ തീരുമാനിച്ച താങ്ങുവിലയായ ക്വിന്റലിന് 2,320 രൂപ നിരക്കിലാണ് വാങ്ങുന്നതെന്ന് കേന്ദ്ര ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു. ഈ മാസം അവസാനം വരെ തുടരുന്ന 2024-25 ഖാരിഫ് സീസണിൽ 185

മെട്രിക് ടൺ നെല്ല് സംഭരണത്തിനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.

==================================

## CJI-FAREWELL

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ഇന്ന് പദവിയിൽ നിന്ന് വിരമിക്കും. 2022 നവംബറിലാണ് ഡി വൈ ചന്ദ്രചൂഡ് ചുമതലയേറ്റത്. പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും. സുപ്രീംകോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായാണ് സഞ്ജീവ് ഖന്ന എത്തുന്നത്.

==================================

## SEA PALNE

കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് വഴിയൊരുക്കുന്ന സീപ്ലെയിൻ സർവീസ് നാളെ മന്ത്രി പി.എ മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും. ഫ്ളാഗ് ഓഫിനു ശേഷം ഇടുക്കിയിലെ മാട്ടുപ്പെട്ടിയിലേക്ക് സർവീസ് നടത്തുന്ന വിമാനത്തിന് മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ സ്വീകരണം നൽകും. കേന്ദ്ര സർക്കാരിൻറെ ഉഡാൻ റീജിയണൽ കണക്ടിവിറ്റി പദ്ധതിക്ക് കീഴിലുള്ള സീപ്ലെയിൻ സർവീസാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത്.

==================================

## MILMA DIARY

തൃപ്പൂണിത്തുറ മിൽമ ഡയറിയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാൻറ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാടിന് സമർപ്പിച്ചു. ഭൂ പ്രകൃതി നിലനിർത്തിക്കൊണ്ട് പരിസ്ഥിതിയെ ബാധിക്കാതെ വികസനം കൊണ്ടുവരാം

എന്നതിൻ്റെ തെളിവാണ് സൗരോർജ് പ്ലാന്റ് എന്ന് അദ്ദേഹം പറഞ്ഞു.

==================================

**HEADLINE -4**

**CANADA SDS VISA**

ഇന്ത്യൻ വിദ്യാർഥികൾക്ക് കനത്ത തിരിച്ചടി സൃഷ്ടിച്ച് സ്റ്റുഡൻ്റ് ഡയറക്ട് സ്ട്രീം-S.D.S വീസ പദ്ധതി നിർത്തലാക്കുന്നതായി കാനഡ. 2018 ൽ ഇന്ത്യയുൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വീസ അപേക്ഷാ നടപടികൾ അതിവേഗത്തിലും ലളിതവുമാക്കു ന്നതിനാണ് പദ്ധതി അവതരിപ്പിച്ചത്. എല്ലാ വിദ്യാർഥികൾക്കും തുല്യവും ന്യായവുമായ പ്രവേശനം നൽകുക എന്നത് മുൻനിർത്തിയാണ് S.D.S നിർത്തലാക്കുന്നതെന്ന് കാനഡ അറിയിച്ചു. രാജ്യത്ത് നിലനിൽക്കുന്ന ഭവനക്ഷാമവും വിഭവങ്ങളുടെ ബുദ്ധിമുട്ടും പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ തീരുമാനമെന്ന് പറയപ്പെടുന്നു.

==================================

**HEADLINE -5**

**WORLD IMMUNIZATION DAY**

പകർച്ചവ്യാധികൾ തടയുന്നതിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിലും വാക്സിനുകളുടെ പങ്കിനെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ട് ഇന്ന് ലോക രോഗ പ്രതിരോധ ദിനം. പ്രതിരോധ കുത്തിവയ്പ്പ് സംരംഭങ്ങളിലൂടെ, പോളിയോ, മാതൃ- നവജാത ടെറ്റനസ്, അഞ്ചാംപനി, ഹെപ്പറ്റൈറ്റിസ് ബി എന്നിവയുൾപ്പെടെ നിരവധി മാരക രോഗങ്ങളെ ഇല്ലാതാക്കുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചു കഴിഞ്ഞു.

==================================

## STATE SCHOOL SPORTS MEET

സംസ്ഥാന സ്കൂൾ കായികമേള അന്തിമ ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഓവറോൾ പോയിൻറ് നിലയിൽ 1895 പോയിൻറ് നേടി തിരുവനന്തപുരം കുതിപ്പ് തുടരുന്നു. രണ്ടാം സ്ഥാനത്ത് തൃശ്ശൂരും മൂന്നാം സ്ഥാനത്ത് കണ്ണൂരുമാണ്. ഗെയിംസ് വിഭാഗത്തിൽ 511 ഇനങ്ങൾ കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തിന് 144 സ്വർണ്ണം ലഭിച്ചു. അത്‌ലറ്റിക്സിൽ മലപ്പുറം ജില്ല 124 പോയിൻറ് നേടി ഒന്നാം സ്ഥാനത്താണ്. പാലക്കാട് രണ്ടാം സ്ഥാനത്തും എറണാകുളം മൂന്നാം സ്ഥാനത്തുമുണ്ട്. സീനിയർ ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിൽസിൽ തൃശ്ശൂരിന്റെ വിജയ് കൃഷ്ണ 13.97 സെക്കന്റിന്റെ പുതിയ റെക്കോർഡ് സൃഷ്ടിച്ചു.

=====================================

## FIH – SREEJESH (INTRO)

2024-ലെ എഫ്.ഐ.എച്ച്. പ്ലെയർ ഓഫ് ദി ഇയർ പുരസ്കാരം, ഇന്ത്യൻ പുരുഷ ഹോക്കി ടീം ക്യാപ്റ്റൻ ഹർമൻപ്രീത് സിങ്ങും, ഗോൾ കീപ്പർ ഓഫ് ദി ഇയർ പുരസ്കാരം മലയാളി താരം പി.ആർ.ശ്രീജേഷും നേടി. ഈ നേട്ടം പുതിയ കായിക താരങ്ങൾക്ക് പ്രചോദനമാകുമെന്ന് പി.ആർ.ശ്രീജേഷ് പ്രതികരിച്ചു.

**(ഹോൾഡ് ഫോർ വോയ്സ്)**

=====================================

## HEADLINE -6

## CRICKET

ഇന്ത്യ – ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെന്റ് ജോർജ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യ ആതിഥേയരെ

പരാജയപ്പെടുത്തിയിരുന്നു. പരമ്പരയിലെ മൂന്നാം മത്സരം ബുധനാഴ്ച സെഞ്ചൂറിയനിലും നാലാം മത്സരം വെള്ളിയാഴ്ച ജോഹന്നാസ്ബർഗിലും നടക്കും.

==================================

## ASIAN HOCKEY TROPHY

ഏഷ്യൻ ഹോക്കി വനിതാ ചാമ്പ്യൻസ് ട്രോഫി പരമ്പരയ്ക്ക് നാളെ ബീഹാറിലെ രാജ്ഗിറിൽ തുടക്കം. ഇന്ത്യയ്ക്ക് പുറമെ ചൈന, ജപ്പാൻ, മലേഷ്യ, തായ്ലൻഡ്, കൊറിയ എന്നീ ടീമുകൾ പങ്കെടുക്കുന്ന പരമ്പര, നാളെ വൈകിട്ട് ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ ഉദ്ഘാടനം ചെയ്യും. ജപ്പാനും കൊറിയയും തമ്മിലാണ് ഉദ്ഘാടന മത്സരം.ഈ മാസം 20 നാണ് ഫൈനൽ.

==================================

## IMD-WEATHER

തമിഴ്നാട്ടിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് , കേരളം, മാഹി, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ മിതമായ മഴ തുടരും. അടുത്ത രണ്ട് ദിവസം ഹിമാചൽ പ്രദേശിലും വടക്കുപടിഞ്ഞാറൻ പഞ്ചാബിലും കനത്ത മൂടൽമഞ്ഞിനും സാധ്യതയുണ്ട്.

==================================

## J AND K ENCOUNTER

ജമ്മുകശ്മീരിൽ, ബാരാമുള്ള ജില്ലയിലെ സോപോറിൽ സുരക്ഷാ സേന ഇന്നലെ ഏറ്റുമുട്ടലിൽ ഒരു ഭീകരനെവധിച്ചു. മറ്റ് രണ്ട് തീവ്രവാദികൾക്കായി തിരച്ചിൽ തുടരുന്നു. ഇന്നലെ വൈകുന്നേരമാണ് സോപോറിലെ റാംപോറ പ്രദേശത്ത് സുരക്ഷാ സേനയും ഭീകരരും തമ്മിൽ രൂക്ഷമായ ഏറ്റുമുട്ടലുണ്ടായത്. രഹസ്യ വിവരത്തെ തുടർന്ന്

സൈന്യവും സിആർപിഎഫും ജമ്മു കശ്മീർ പോലീസും ചേർന്നാണ് തിരച്ചിൽ നടത്തിയത്.

===================================

===================================

===================================